LIBRARY ARCHIVES Kerala Legislative Assembly

## മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

136(926) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് മുഖേന 2019-20 വർഷത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ആടുവളർത്തൽ പദ്ധതിയിലൂടെ ആലിപ്പറമ്പ്, ഏലംകുളം, താഴേക്കോട് പഞ്ചായത്തുകളിലെ എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ നിലവിലത്തെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ;

(ബി) ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, താഴേക്കോട് പഞ്ചായത്തുകളിലും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലുമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്കൂൾ കുട്ടികൾക്കായുള്ള അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി, പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന നഗരപ്രദേശങ്ങളിലെ കോഴിയുംകൂട്ടും പദ്ധതി എന്നിവയ്ക്കായി എത്ര ഗുണഭോക്താക്കൾക്കായി എത്ര രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആലിപ്പറമ്പ് -1

ഏലംകുളം -1

താഴേക്കാട് -2

പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലിപ്പറമ്പ് - 50 ഗുണഭോക്താക്കൾ -32,500 രൂപ

ഏലംകുളം - 50 ഗുണഭോക്താക്കൾ -32,500 രൂപ

പുലാമന്തോൾ - 50 ഗുണഭോക്താക്കൾ -32,500 രൂപ

താഴേക്കാട് - 50 ഗുണഭോക്താക്കൾ -32,500 രൂപ

പെരിന്തൽമണ്ണ - 50 ഗുണഭോക്താക്കൾ -32,500 രൂപ

നഗരപ്രദേശങ്ങളിലെ കോഴിയും കൂടും - 4 ഗുണഭോക്താക്കൾക്ക് -20,000 രൂപ

(സി) നിലവിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ലഭ്യമായ യൂണിറ്റുകൾ വിവിധ പഞ്ചായത്തുകൾക്കായി അനുവദിച്ചുകഴിഞ്ഞു.